Vol-2,Issue-11
18-03- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**ഏവർക്കും ഈസ്റ്റർ ആശംസകൾ ഹൃദയപൂർവ്വം നേരുന്നു...**

**പ്രധാന വാർത്തകൾ**

01. സത്യത്തിന്റെ വിജയം: കെ.സി.ബി.സി.
02. സുപ്രീം കോടതി വിധി- സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരം: ഐക്യ-ജാഗ്രതാ കമ്മീഷൻ
03. സഭയ്ക്കും മാർക്സിസ്റ്റ് പാർട്ടിക്കും ഒരുമിച്ച് നീങ്ങാനാവില്ല: മാർ വർക്കി വിതയത്തിൽ
04. ക്രൈസ്തവ സഭയിൽ ഭിന്നിപ്പുണ്ടാക്കാമെന്ന് ആരും കരുതേണ്ട: മാർ ബസേലിയൂസ് ക്ലീമിസ്.
05. വൈകല്യം സംഭവിച്ച കുരുന്നുകളെ മുഖ്യധാരയിലേക്ക് ഉയർത്തണം: ഡോ. ഫ്രാൻസിസ് കല്ലറക്കൽ
06. ദേവസ്യ മുല്ലക്കരയെ കത്തോലിക്കാ സഭയിൽ നിന്ന് പുറത്താക്കി.
07. ഇന്ത്യയിലെ മതവിശ്വാസികൾ
08. അർഹരായ 70 ശതമാനത്തിനും ന്യൂനപക്ഷ സ്കോളർഷിപ്പ് കിട്ടിയില്ല.

**01. സത്യത്തിന്റെ വിജയം: കെ.സി.ബി.സി** (ദീപിക 12-03-2008)

മുരിങ്ങൂർ ധ്യാനകേന്ദ്രത്തെക്കുറിച്ചുള്ള രാജ്യത്തിന്റെ പരമോന്നത നീതിന്യായത്തിന്റെയും നീതിയുടെയും വിധി സത്യത്തിന്റെയും നീതിയുടെയും വിജയമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി). അസത്യങ്ങളും അബദ്ധ പ്രചരണങ്ങളും എക്കാലവും വിജയിക്കുമെന്നു കരുതുന്നത് മൗഢ്യമാണെന്നു കെ.സി.ബി.സി. ചൂണ്ടിക്കാട്ടി. കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് വിധിയെ കാണുന്നത്. ലക്ഷക്കണക്കിനാളുകൾക്ക് ആത്മീയവും മാനസീകവുമായ ശാന്തി നല്കുന്ന മുരിങ്ങൂർ ധ്യാനകേന്ദ്രത്തിന്റെ സദുദ്ദേശത്തേയും നല്ല പ്രവർത്തികളേയുംകുറിച്ചുള്ള സത്യം മനസിലാക്കാൻ ഈ വിധി സഹായകമാണ്. മനുഷ്യന്റെ സമഗ്രനന്മയാണ് സഭയുടെയും സഭാ സ്ഥാപനങ്ങളുടെയും ലക്ഷ്യം. എന്തൊക്കെ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടായാലും മനുഷ്യനന്മയ്ക്കായുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ തുടരുകതന്നെ ചെയ്യുമെന്നു കെ.സി.ബി.സി പ്രസിഡന്റ് ബിഷപ് ഡോ. ഡാനിയേൽ ആച്ചാരുപറമ്പിൽ, വൈസ്-പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

**02. സുപ്രീം കോടതി വിധി: സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരം.**

**ഐക്യ-ജാഗ്രതാ കമ്മീഷൻ**

ലോകത്തിലെ ഏറ്റവും വലിയ ധ്യാനകേന്ദ്രമായ മുരിങ്ങൂർ ധ്യാനകേന്ദ്രത്തെക്കുറിച്ച് പ്രത്യേക അന്വേഷണ സംഘം നടത്തുന്ന അന്വേഷണം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി ഏറെ സന്തോഷമുളവാക്കുന്നുവെന്നും സത്യവും നൻമയും എക്കാലവും വിജയിക്കുമെന്നതിന് വ്യക്തമായ തെളിവാണ് സുപ്രീം കോടതി വിധിയെന്നും കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

സുപ്രീം കോടതി വിധി കത്തോലിക്കാസഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ഏതെങ്കിലും ചില സംഘടിത ശക്തിക്കോ ഭരണകൂടത്തിനോ തകർക്കാവുന്നതല്ല കത്തോലിക്കാസഭയുടെ സേവനരംഗത്തിലൂടെ സമർപ്പിതർ കാഴ്ചവയ്ക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ. മുരിങ്ങൂർ ധ്യാനകേന്ദ്രത്തിനെതിരെ ഗൂഢാലോചന നടത്തിയവർക്കും അപകീർത്തി പ്രചരിപ്പിച്ചവർക്കും ശക്തമായ തിരിച്ചടിയാണ് സുപ്രീം കോടതി വിധി- കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

അനേകർക്ക് അഭയവും ആശ്വാസവും അത്താണിയുമായി പ്രവർത്തിക്കുന്ന ധ്യാനകേന്ദ്രമാണ് മുരിങ്ങൂർ ധ്യാനകേന്ദ്രം. ഏകദേശം ഒരു കോടിയിലധികം ആളുകൾ ഈ ധ്യാനകേന്ദ്രത്തിൽ താമസിച്ച് മാനസീകവും ആദ്ധ്യാത്മീകവുമായ ഉന്നമനം നേടിയിട്ടുണ്ട്. ആയിരത്തി ഇരുന്നൂറോളം സന്നദ്ധപ്രവർത്തകർ ഇതിൽ സേവനം ചെയ്യുന്നു. ആഞ്ഞൂറോളം പേർക്ക് താമസിച്ച് ചികിത്സ ലഭിക്കുന്ന രീതിയിലുള്ള ലഹരി വിരുദ്ധ കേന്ദ്രം ഇവിടെയുണ്ട്. നാനൂറ്റമ്പതോളം മാനസീകരോഗികളെ സംരക്ഷിക്കുന്ന കേന്ദ്രവും എയ്ഡ്സ് രോഗികളെ പാർപ്പിക്കുന്ന കേന്ദ്രവും അതോടൊപ്പം അഗതി മന്ദിരവും പ്രവർത്തിക്കുന്നുണ്ട്. പതിനായിരം പേർക്ക് ഒരേ സമയം താമസിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യവും ഈ ധ്യാനകേന്ദ്രത്തിലുണ്ട്. ഇത്രമാത്രം സാമൂഹ്യ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ വിരളമാണ്. കത്തോലിക്കാ സഭയ്ക്കും ലോകത്തിനു തന്നെയും അഭിമാനിക്കാവുന്ന ഒരു കേന്ദ്രമാണ് മുരിങ്ങൂർ ധ്യാനകേന്ദ്രം. സുപ്രീം കേടതി വിധിയിലൂടെ മുരിങ്ങൂർ ധ്യാനകേന്ദ്രം നടത്തുന്ന നന്മ പ്രവർത്തികൾക്കുള്ള അംഗീകാരമാണ് ലഭിച്ചിരിക്കുന്നതെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

**03. സഭയ്ക്കും മാർക്സിസ്റ്റ് പാർട്ടിക്കും ഒരുമിച്ച് നീങ്ങാനാവില്ല- മാർ വർക്കി വിതയത്തിൽ.**

(മാതൃഭൂമി 09-03-2008)

സഭയ്ക്കും മാർക്സിസ്റ്റ് പാർട്ടിക്കും ഒരുമിച്ച് നീങ്ങാനാവില്ലെന്ന് സിബിസിഐ പ്രസിഡന്റ് മേജർ ആർച്ച് ബിഷപ് മാർ വർക്കി വിതയത്തിൽ. റിന്യുവൽ സെന്ററിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിരീശ്വരവാദം പ്രോത്സാഹിപ്പിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ നയങ്ങൾ സഭയ്ക്ക് അംഗീകരിക്കാനാവില്ല. വിശ്വാസത്തിൽ അടിയുറച്ച നിലപാടുകളാണ് സഭയുടേത്. സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുവാൻ അക്രമത്തിന്റെ മാർഗ്ഗം സ്വീകരിക്കിന്നതും അംഗീകരിക്കാനാവില്ല. കണ്ണൂരിലെ അക്രമങ്ങൾ അമർച്ച ചെയ്യാൻ അടിയന്തര നടപടികൾ ഉണ്ടാകണമെന്നും വർക്കി വിതയത്തിൽ ആവശ്യപ്പെട്ടു.

വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ അതേപടി നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ സഭയ്ക്ക് വ്യക്തമായ നിലപാടുണ്ട്. സ്വന്തം നിലപാടിൽ നിന്നും സഭ പിന്നോട്ട് പോകില്ല. സർക്കാരിന്റെ വൈകല്യങ്ങൾക്ക് ന്യൂനപക്ഷങ്ങളെ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്നും വർക്കി വിതയത്തിൽ പറഞ്ഞു.

**04. ക്രൈസ്തവസഭയിൽ ഭിന്നിപ്പുണ്ടാക്കാമെന്ന് ആരും കരുതേണ്ട: മാർ ബസേലിയൂസ് ക്ലീമിസ്.**

(ദീപിക 10-03-2008)

ക്രൈസ്തവസഭയിൽ ഭിന്നിപ്പുണ്ടാക്കി താൽക്കാലിക ലാഭം കൊയ്യാമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് നടപ്പില്ലെന്ന് സീറോ മലങ്കര കത്തോലിക്കാസഭ ആർച്ച് ബിഷപ് കാതോലിക്കാ ബാവ മാർ ബസേലിയൂസ് ക്ലീമിസ്. ക്രൈസ്തവസഭാ വിശ്വാസികൾ എല്ലാം ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാലയൂർ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ തീർത്ഥകേന്ദ്രം അങ്കണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സഭാപിതാക്കന്മാരുടെ പ്രസ്താവനകൾക്ക് വികലവ്യാഖ്യാനം നൽകി തെറ്റിദ്ധരിപ്പിക്കാനാണ് നീക്കം. കർദ്ദിനാൾ വർക്കി വിതയത്തിലിന്റെ പ്രസംഗത്തെ ഇത്തരത്തിൽ വളച്ചൊടിക്കാൻ ശ്രമമുണ്ടായി. ഇത്തരത്തിലൊന്നും ക്രൈസ്തവവിശ്വാസികളേയും അവരുടെ അഭ്യുദയകാംക്ഷികളേയും തെറ്റിദ്ധരിപ്പിക്കാനാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തൃശൂർ അതിരൂപതയുടെ അധ്യക്ഷൻ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിച്ചാൽ അത് കത്തോലിക്കാ സഭയുടെ ശബ്ദം തന്നെയാണ്. താഴത്ത് പിതാവിന്റെ ശ്രദ്ധേയമായ എല്ലാ നീക്കങ്ങൾക്കും പ്രാർത്ഥനാപൂർവ്വം താനും കത്തോലിക്കാ സഭയും പിറകിലുണ്ടാകുമെന്നും മാർ ബസേലിയൂസ് ക്ലീമിസ് വ്യക്തമാക്കി. അടിസ്ഥാന നീതിനിഷേധ വിഷയത്തിൽ സഭാ ശബ്ദം കൂടുതൽ മുഖരിതമാകണം.

മൂലമ്പിള്ളിയിൽ കുടിയിറക്കപ്പെട്ടവർക്ക് നീതിനിഷേധിക്കപ്പെട്ടുവെന്ന് ഉദാഹരണമായി കാട്ടിയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. 24 കുടുംബങ്ങൾ ഇവിടെ കുടിയിറക്കപ്പെട്ടു. വോട്ടുബാങ്കല്ലാത്തതിനാൽ അവരുടെ വേദനകൾ കേൾക്കാൻ ആരുമില്ല. വിദ്യാഭ്യാസവിഷയങ്ങൾ മാത്രമല്ല, സമൂഹം തിരസ്കരിക്കുമെന്ന് ഭയപ്പെടുന്നവരെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങിയതും കത്തോലിക്കാ സഭയാണ്.

എയ്ഡ്സ് രോഗികളെ ശുശ്രൂഷിക്കുന്നതിനും ആദ്യം മുൻകൈയെടുത്ത് രംഗത്തെത്തിയത് തൃശൂർ അതിരൂപതയിൽ കുണ്ടുകുളം പിതാവാണ്. ഇതൊന്നും സേവനങ്ങളായി ആരും കാണുന്നില്ല, കണ്ടാൽതന്നെ അറിയില്ലെന്ന് നടിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. വിശ്വാസസമൂഹത്തിൽ ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടത് ആവശ്യമാണ്. ത്യാഗത്തിനും സഹനത്തിനുമുള്ള ചിന്ത വിശുദ്ധീകരണത്തിനുള്ള ശക്തി നല്കും. ക്രൈസ്തവജീവിതത്തിന്റെ ഉദാത്തമായ, പാവനമായ ഇത്തരം തീർത്ഥാടനങ്ങൾ ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ ശക്തി പകരും. വഴിയരികിലെ പ്രലോഭനങ്ങൾ അവന്റെ വഴിമുടക്കില്ലെന്നതാണ് തീർത്ഥാടനത്തിന്റെ പ്രത്യേകത. നിങ്ങളുടെ പാദങ്ങൾ വേദനിച്ചുവെങ്കിൽ തൃശൂരിലെ കത്തേക്കാ സഭ ഒരുപടികൂടി വിശുദ്ധീകരിക്കപ്പെട്ടുവെന്ന് പറയാമെന്നും കാതോലിക്കാ ബാവ പറഞ്ഞു.

**05. വൈകല്യം സംഭവിച്ച കുരുന്നുകളെ മുഖ്യധാരയിലേക്ക് ഉയർത്തണം- ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ** (ദീപിക 13-03-2008)

മാനസീക വൈകല്യം സംഭവിച്ച കുരുന്നുകളെ കൈപിടിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുവാൻ സമൂഹം ഒരു യജ്ഞം തന്നെ നടത്തണമെന്ന് കോട്ടപ്പുറം രൂപതാ ബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ബോധിപ്പിച്ചു. നായരമ്പലം വാടേൽ കരുണ സ്പെഷ്യൽ സ്ക്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ മദർ ഡാഫ്നി അധ്യക്ഷത വഹിച്ചു. പി.ഒ.സി ഡയറക്ടർ മുഖ്യ പ്രഭാഷണം നടത്തി.

**06. ദേവസ്യ മുല്ലക്കരയെ കത്തോലിക്കാ സഭയിൽനിന്ന് പുറത്താക്കി.** (തലശേരി അതിരൂപത)

തലശേരി അതിരൂപതയിലെ കമ്പല്ലൂർ ഇടവകാംഗവും വചനപ്രഘോഷണരംഗത്ത് കുറെ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നയാളുമായ ദേവസ്യ മുല്ലക്കരയെ കത്തോലിക്കാ സഭയിൽ നിന്ന് പുറത്താക്കിയതായി തലശേരി ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം സർക്കുലറിൽ അറിയിച്ചു. കത്തോലിക്കാ വിശ്വാസത്തിന് വിരുദ്ധമായ കാര്യങ്ങളെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടും വേണ്ട തിരുത്തലുകൾ വരുത്തുവാൻ തയ്യാറാകാത്തതുകൊണ്ടും പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാനൻ നിയമം 1436 പ്രകാരമാണ് ദേവസ്യ മുല്ലക്കരയെ കത്തോലിക്കാ സഭയിൽനിന്നും പുറത്താക്കിയിരിക്കുന്നത്. അദ്ദേഹത്തിന് ഏതെങ്കിലും കൂദാശകൾ സ്വീകരിക്കുന്നതിനോ, ഏതെങ്കിലും തരത്തിലുള്ള സഭാ ശുശ്രൂഷകളോ, ആനുകൂല്യങ്ങളോ സ്വീകരിക്കുന്നതിനോ ഉള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

**07. അർഹരായ 70 ശതമാനത്തിനും ന്യൂനപക്ഷസ്കോളർഷിപ്പ് കിട്ടിയില്ല.** (മാധ്യമം 15-03-2008)

നിർധനരും സമർത്ഥരുമായ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകളിൽ 70 ശതമാനവും കഴിഞ്ഞവർഷം പാഴായതിനു കാരണം വേണ്ടത്ര പ്രചരണവും ബോധവത്കരണവും ഇല്ലാത്തതാണ്. രാജ്യത്തെ പ്രൊഫഷനൽ, ടെക്നിക്കൽ, വിദ്യാലയങ്ങളിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 2007-08 വിദ്യഭ്യാസവർഷം 2,000 സ്കോളർഷിപ്പ് നൽകാനായിരുന്നു കേന്ദ്രതീരുമാനം. എന്നാൽ 5,588 സ്കോളർഷിപ്പുകൾ മാത്രമാണ് അർഹർക്ക് ലഭിച്ചത്. പിന്നാക്ക ജീവിത സാഹചര്യങ്ങളിൽ കഴിയുന്ന അർഹരായ 14,412 കുട്ടികൾക്ക് സ്കോളർഷിപ്പുകൾ ലഭിച്ചില്ലെന്ന് ഔദ്യോഗികകണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. അർഹരായ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാൻ നടപടി സ്വീകരിച്ചതായി പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്നശേഷവും ഇതാണ് അവസ്ഥ. ബുദ്ധമതർക്കായി പ്രഖ്യാപിക്കപ്പെട്ട 840 സ്കോളർഷിപ്പിൽ അഞ്ചെണ്ണം മാത്രമാണ് വിതരണം ചെയ്തത്. മുസ്ലീം സമുദായത്തിലെ കുട്ടുകൾക്ക് നൽകാനുദ്ദേശിച്ച 14,585 സ്കോളർഷിപ്പിൽ

14,585 എണ്ണം മാത്രമാണ് നൽകിയത്. ക്രിസ്ത്യൻ സമുദായത്തിന് ലഭിക്കേണ്ട 2540 സ്കോളർഷിപ്പിൽ 1,189 എണ്ണം വിതരണം ചെയ്തു. ഈ പോരായ്മകൾ കാരണം മന്ത്രിസഭയുടെ സാമ്പത്തികകാര്യസമിതിയുടെ നിർദ്ദേശമനുസരിച്ച് ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കായി കഴിഞ്ഞവർഷം നീക്കിവെച്ച തുകയുടെ മുക്കാൽപങ്കും പാഴായി. വേണ്ടത്ര ബോധവൽക്കരണവും പ്രചാരണവും നടക്കാഞ്ഞത്, ഉദ്യോഗസ്ഥ തലത്തിലെ മെല്ലെ പോക്ക് എന്നിവ കാരണം അർഹരായവരിൽ ബഹുഭൂരിപക്ഷവും സ്കോളർഷിപ്പ് ആനുകൂല്യത്തെക്കുറിച്ച് അറിഞ്ഞതുപോലുമില്ല. മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളെക്കുറിച്ച് അവരെ അറിയിക്കുകയോ അപേക്ഷകൾ യഥാസമയം സ്വീകരിച്ച് അധികൃതർക്ക് കൈമാറുകയോ ചെയ്തില്ല. അറിയിപ്പുകൾ യഥാസമയം സ്ഥാപനങ്ങൾക്കും മാധ്യമങ്ങൾക്കും കൈമാറുന്നതിലും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും ഉദ്യോഗസ്ഥരും വീഴ്ച വരുത്തി. ചില സംസ്ഥാനസർക്കാരുകളും കേന്ദ്രആനുകൂല്യം യഥാസമയം വിദ്യാർത്ഥികൾക്ക് ലഭിക്കാൻ വേണ്ടത്ര ശ്രദ്ധിച്ചില്ലെന്ന് മനുഷ്യാവകാശ സംഘടനകൾ കുറ്റപ്പെടുത്തുന്നു.

## ഇന്ത്യയിലെ മതവിശ്വാസികൾ

| | | |
|---|---|---|
| 1. ഹിന്ദുമതം | 827578868 | 80.5 |
| 2. ഇസ്ലാമതം | 138188240 | 13.4 |
| 3. ക്രിസ്തുമതം | 24080016 | 2.3 |
| 4. സിഖ്മതം | 19215730 | 1.9 |
| 5. ബുദ്ധമതം | 7955207 | 0.8 |
| 6. ജൈനമതം | 4225053 | 0.4 |
| 7. മറ്റുമതങ്ങൾ | 6639626 | 0.6 |
| 8. മതവിശ്വാസം ഇല്ലാത്തവർ | 727588 | 0.1 |

*ഐക്യ-ജാഗ്രതാ കമ്മീഷനിൽ ഒരു വർഷം സ്തുത്യർഹമായ സേവനം ചെയ്ത് ദൈവശാസ്ത്ര പഠനത്തിനായി പോകുന്ന ബ്ര. ജോബി അന്തിക്കാടൻ വി. സി. ക്ക് നന്ദിയും ആശംസകളും നേരുന്നു!*

